

അമൃതപഥം തെളിക്കും

# അമ്മ



“അമ്മ ഒരു വ്യക്തിയല്ല. അമ്മ ഭാരതത്തിന്റെ ഭവ്യദൗത്യ ത്തിന്റെ മൂർത്തരൂപമാണ്. കോടിക്കണക്കിനു ദരിദ്രരുടെ ആശാഭിലാഷങ്ങളുടെ സമൂർത്തസാക്ഷാത്കാരമാണ് അമ്മ. മാനവസേവയിലൂടെ മാധവസേവ എന്ന സങ്കല്പ ത്തെ സാദ്ധ്യമാക്കുന്ന അമൃതധാരയാണ് അമ്മ. ഇതുത ന്നെയാണ് ആദ്ധ്യാത്മികചൈതന്യം. ഇതുതന്നെയാണ് ആദ്ധ്യാത്മികപാരമ്പര്യം.”

**– ബഹു: ശ്രീ നരേന്ദ്രമോദി**
*ഭാരത പ്രധാനമന്ത്രി*

“അമൃതപുരിയിൽ അമ്മയുടെ ആശ്രമത്തിൽനിന്ന് എന്താണു പഠി ച്ചതെന്നു നിങ്ങളുമായി പങ്കുവയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ‘നല്കുക; നല്കിക്കൊണ്ടേയിരിക്കുക’ – അതാണ് അമൃതപുരിയു ടെ സന്ദേശം. നിങ്ങൾക്കും അതിനു സാധിക്കും. പണം നല്കുക മാത്രമല്ല, നിങ്ങൾക്ക് അറിവും പങ്കുവയ്ക്കാം. വേദനയ്ക്ക് ആശ്വാ സമേകാം. ദുഃഖിക്കുന്നവർക്ക് പല രീതിയിൽ സഹായം ചെയ്യാം. കേരളത്തിലെ, ഭാരതത്തിലെ, ലോകത്തിലെ ജനങ്ങൾക്ക് അമ്മ ചെയ്യുന്ന സേവനത്തെക്കാൾ വലിയ ഒരു സന്ദേശമില്ല.”

**– ഡോ. എ.പി.ജെ. അബ്ദുൾകലാം**
*മുൻ ഭാരതരാഷ്ട്രപതി*



## പ്രേമഭക്തിയുടെ നവേതിഹാസം

കേരളത്തിൽ കൊല്ലം ജില്ലയിലെ പറയകടവെന്ന കടലോരഗ്രാമത്തിൽ 1953 സെപ്തംബർ 27-നു പ്രഭാതത്തിൽ അമ്മ ഭൂജാതയായി. കരഞ്ഞുകൊണ്ടല്ല, പുഞ്ചിരിച്ചുകൊണ്ടാണു മാതൃഗർഭത്തിൽനിന്നു് ആ ശിശു പുറത്തേക്കുവന്നതു്. (ജനിക്കുമ്പോൾത്തന്നെ താൻ ആരെന്നും തന്റെ ജന്മോദ്ദേശ്യം എന്തെന്നും അമ്മയ്ക്കു പൂർണ്ണബോധമുണ്ടായിരുന്നു എന്നു് അമ്മ പില്ക്കാലത്തു പറയുകയുണ്ടായി) കുഞ്ഞിനു 'സുധാമണി' എന്നു മാതാപിതാക്കളായ ദമയന്തിയമ്മയും സുഗുണാനന്ദനും നാമകരണം ചെയ്തു. ആറാം മാസത്തിൽ സ്ഫുടമായി സംസാരിക്കുകയും ഓടിക്കളിക്കുകയും ചെയ്ത കുട്ടിയെ 'കുഞ്ഞു്' എന്ന ഓമനപ്പേരിലാണു നാട്ടുകാർ വിളിച്ചുവന്നതു്.

നിഷ്കളങ്കമായ ശ്രീകൃഷ്ണപ്രേമം ബാല്യംമുതലേ സുധാമണിയുടെ സവിശേഷതയായിരുന്നു. കേവലം അഞ്ചു വയസ്സുള്ളപ്പോൾ തന്നെ ആ ബാലിക ശ്രീകൃഷ്ണഭക്തി വഴിഞ്ഞൊഴുകുന്ന അർത്ഥസമ്പുഷ്ടങ്ങളായ കീർത്തനങ്ങൾ സ്വയം രചിച്ചു പാടുകയും എല്ലാം മറന്നു നൃത്തം ചെയ്യുകയും മണിക്കൂറുകളോളം ധ്യാനനിമഗ്നയായിരിക്കുകയും ചെയ്തിരുന്നു. എന്നാൽ, ഈ ഉദാത്തമായ ഭക്തിഭാവങ്ങളെ വേണ്ടവണ്ണം ഉൾക്കൊള്ളാൻ സമൂഹത്തിനു കഴിയാഞ്ഞതിനാൽ ബാല്യംമുതൽ വളരെയേറെ കഷ്ടപ്പാടുകൾ സുധാമണിക്കു സഹിക്കേണ്ടിവന്നു. മാതാവിന്റെ അസുഖം കാരണം വീട്ടുജോലികളുടെ ഭാരം താങ്ങേണ്ടിവന്ന ആ കുഞ്ഞിന്റെ സ്കൂൾ വിദ്യാഭ്യാസം അഞ്ചാംക്ലാസ്സിൽവച്ചു് അവസാനിച്ചു. രാവിലെ





മുതൽ അർദ്ധരാത്രിവരെ നീളുന്ന ജോലികൾക്കിടയിലും ആ മനസ്സ് സർവ്വദാ ശ്രീകൃഷ്ണനിൽ തങ്ങിനിന്നു.

ഉത്കടമായ ഈശ്വരപ്രേമത്തോടൊപ്പം അസാധാരണമായ മനുഷ്യസ്നേഹവും കഷ്ടപ്പെടുന്നവരോടുള്ള കാരുണ്യവും സുധാമണിയുടെ സഹജസ്വഭാവമായിരുന്നു. ലോകത്തു കാണുന്ന ദുഃഖവും അനീതിയും ആ ബാലികയെ അസ്വസ്ഥയാക്കി. ഇതിനു കാരണവും പരിഹാരവും എന്തെന്ന് ആ കുട്ടി സ്വയം ചോദിച്ചു. 'അജ്ഞാനം നിമിത്തം, സ്വകർമ്മഫലത്താലാണ് അവർ ദുഃഖിക്കുന്നത്. എങ്കിലും അവർക്ക് ആശ്വാസം പകരുക എന്നതാണു നിന്റെ നിയോഗം' എന്നായിരുന്നു ഉള്ളിൽനിന്നു കിട്ടിയ ഉത്തരം.

വീട്ടിലെ പശുക്കൾക്കുവേണ്ടി മരച്ചീനിത്തൊലിയും കാടിവെള്ളവും ശേഖരിക്കുവാൻ അയൽവീടുകളിൽ പോകുമ്പോൾ അവിടെയുള്ള പ്രായം ചെന്ന അമ്മമാർ അവരുടെ ദുഃഖകഥകൾ കുഞ്ഞിനോടു വിവരിക്കും. വൃദ്ധജനങ്ങളോട്, മക്കളും പേരക്കിടാങ്ങളും കാണിക്കുന്ന അവഗണനകൾ ആ ബാലികയുടെ ഹൃദയം അലിയിച്ചു. സുധാമണി അവരെ കുളിപ്പിക്കുകയും നല്ല വസ്ത്രങ്ങൾ ധരിപ്പിക്കുകയും ആഹാരം കഴിപ്പിക്കുകയും തന്റെ അച്ഛനമ്മമാർ അറിയാതെ വീട്ടിൽനിന്ന് ആഹാരവും സാധനങ്ങളും എടുത്തുകൊടുക്കുകയും ചെയ്തുവന്നു. അതിന്റെ പേരിൽ കിട്ടുന്ന യാതൊരുവിധ ദണ്ഡനങ്ങൾക്കും ആ ബാലികയുടെ ഹൃദയത്തിൽ നിറഞ്ഞുനിന്ന ദീനാനുകമ്പയെ തടഞ്ഞുനിർത്താൻ കഴിഞ്ഞില്ല.

ലോകത്തിൽ കണ്ട ദുഃഖം സുധാമണിയുടെ ഈശ്വരപ്രേമത്തെ ദൃഢതരമാക്കി. കൃഷ്ണനാമം ചുണ്ടിലും കൃഷ്ണരൂപം ഹൃദയത്തിലും നിരന്തരം സൂക്ഷിച്ച ആ ബാലിക രാത്രികാലങ്ങളിൽ ഉറങ്ങാതെ ഭാവോന്മത്തയായി പാടിയും സ്വയംമറന്നു നൃത്തം ചെയ്തും തീവ്രവിരഹത്തിന്റെ ദിനങ്ങൾ പിന്നിട്ടു. ഒടുവിൽ ആ പ്രേമഭക്തി സഫലമായി. നിരന്തരം കൃഷ്ണദർശ

നങ്ങൾ ഉണ്ടാവുകയും പ്രപഞ്ചം മുഴുവൻ കൃഷ്ണമയമായി കാണുകയും ചെയ്തു. ക്രമേണ ശ്രീകൃഷ്ണൈക്യബോധത്തിൽ സ്ഥിരപ്രതിഷ്ഠിതയായി. സുധാമണി ഭക്തജനങ്ങളെ കൃഷ്ണഭാവത്തിൽ അനുഗ്രഹിക്കാനും തുടങ്ങി. കൃഷ്ണസ്വരൂപത്തിന്റെ ഹൃദയഹാരിത ഭക്തജനങ്ങൾക്കു് ഈ സമയങ്ങളിൽ തൊട്ടറിയാൻ കഴിഞ്ഞു.

തന്റെ അവതാരധർമ്മത്തിൽ ജഗന്മാതൃഭാവത്തിനു സവിശേഷപ്രാധാന്യമുള്ളതുകൊണ്ടാകാം സുധാമണിയുടെ ലീലാസാധനയുടെ അടുത്തഘട്ടം പ്രകൃതിസ്വരൂപിണിയായ പരാശക്തിയെ സാക്ഷാത്കരിക്കലായിരുന്നു. ജഗദംബയുടെ ഒരു യാദൃച്ഛികദർശനത്തിലൂടെ ഉണർന്ന ആ പ്രേമം അനിർവ്വചനീയമായ ഈശ്വരോന്മാദമായി വളർന്നു. ഇത്തരം ഉന്മത്തഭാവങ്ങളും ഉച്ചനീചഭേദമില്ലാതെ ജനങ്ങളെ സ്വീകരിച്ചു് അനുഗ്രഹിക്കുന്നതും വീട്ടുകാർക്കു് ഇഷ്ടമായില്ല. വീട്ടിൽനിന്നു മാറിനില്ക്കാൻ നിർബന്ധിതയായ സുധാമണിക്കു കടൽ മണ്ണു മെത്തയായും ആകാശം മേല്ക്കൂരയായും തീർന്നു. വീട്ടുകാർ കൈവെടിഞ്ഞ ആ ഭക്തയ്ക്കു പശു, പട്ടി, പാമ്പു്, അണ്ണാൻ, തത്ത, പരുന്തു് തുടങ്ങിയ പക്ഷിമൃഗാദികൾ മിത്രങ്ങളായി. ഈശ്വരശക്തിയിൽ ശരണാഗതയായ സുധാമണിക്കു പരുന്തും പട്ടിയും പശുവും ആഹാരം എത്തിച്ചു. ഭക്തിയുടെ പാരമ്യത്തിൽ ജഗദംബ പ്രത്യക്ഷയായി ദിവ്യജ്യോതിസ്സായി സുധാമണിയിൽ ലയിച്ചു. "സർവ്വേശിയോടു ലയിച്ചുനടന്നു ഞാൻ, സർവ്വഭോഗത്യക്തയായി" എന്നു് അമ്മ അതിനെ അനുസ്മരിക്കുന്നു.

ജഗദംബയുടെ അനന്തകല്യാണഗുണങ്ങൾ തന്നിൽ നിറഞ്ഞുനില്ക്കുന്നതായി അമ്മയ്ക്കു് അനുഭവപ്പെട്ടു. പ്രപഞ്ചം മുഴുവൻ ഒരു കുമിള കണക്കെ തന്നിൽ അടങ്ങിയിരിക്കുന്നതായി അമ്മ ദർശിച്ചു. ഓങ്കാരധ്വനി ഉള്ളിൽനിന്നു തനിയെ ഉണർന്നു. സകല ദേവീദേവഭാവങ്ങളും ഇച്ഛാമാത്രയിൽ അമ്മയിൽ പ്രകാശിക്കാൻ തുടങ്ങി.

അങ്ങനെ സഹജസമാധിയിൽ, പൂർണ്ണബ്രഹ്മനിഷ്ഠയിൽ കഴിഞ്ഞ അമ്മ മർത്ത്യലോകത്തിന്റെ ദുഃഖമകറ്റുകയെന്ന മഹായജ്ഞത്തിനായി സ്വയം സമർപ്പിച്ചു. ദേവീഭാവത്തിലും കൃഷ്ണഭാവത്തിലും മറ്റു സമയങ്ങളിലും ഭക്തജനങ്ങളെ അനുഗ്രഹിക്കാൻ തുടങ്ങി. ഭക്തരോടൊത്തുള്ള അമ്മയുടെ സംഭാഷണങ്ങൾ ആത്മീയസത്യങ്ങളുടെ മണിമുത്തുകൾ വിതറുന്ന അനുഗൃഹീതവേളകളായി മാറി. ഒപ്പം അമ്മ ദുഃഖിതരുടെ കണ്ണീരൊപ്പി. ദുർബ്ബലർക്കു് ആത്മവിശ്വാസം പകർന്നു. ഭക്തരുടെ പ്രാർത്ഥനകൾ ദിവ്യപ്രഭാവത്താൽ സഫലമാക്കി.

## ആശ്രമം രൂപംകൊള്ളുന്നു

പൂവിരിഞ്ഞാൽ വണ്ടുകൾ വന്നണയുക സ്വാഭാവികമാണല്ലോ. അമ്മയുടെ ആത്മീയപ്രഭാവത്തെപ്പറ്റി കേട്ടറിഞ്ഞു് ഈശ്വരാന്വേഷികളും നിഷ്കളങ്കഭക്തരും അതുപോലെതന്നെ ആർത്തരും അർത്ഥാർത്ഥികളുമെല്ലാം അമ്മയെ അന്വേഷിച്ചു് എത്താൻ തുടങ്ങി.

അന്വേഷണബുദ്ധിയോടെ എത്തുന്ന ജിജ്ഞാസുക്കളും യുക്തിവാദികളും അക്കൂട്ടത്തിൽ ഉണ്ടായിരുന്നു. അമ്മയുടെ അതുല്യമായ മാതൃവാത്സല്യത്താലും ദിവ്യപ്രഭാവത്താലും ആകൃഷ്ടരായി അവരിൽ പലരും അമ്മയുടെ ശിഷ്യരും ആരാധകരുമായി മാറി. പലരിലും അമ്മയുടെ ഒരൊറ്റ ദർശനത്തോടെതന്നെ ലോകബന്ധങ്ങളുടെ ശൃംഖലകൾ പൊട്ടിവീണു. ബന്ധുമിത്രാദികളുടെ വിലക്കുകൾ അവഗണിച്ച് അവർ കൂടെക്കൂടെ അമ്മയെ ദർശിക്കാനെത്തുകയും ക്രമേണ അമ്മയ്ക്കു ചുറ്റും ഒരു ശിഷ്യവൃന്ദം രൂപംകൊള്ളുകയും ചെയ്തു.

ഏറെക്കഴിയുന്നതിനു മുൻപ് അമേരിക്ക, ആസ്ത്രേലിയ, യൂറോപ്പ് തുടങ്ങിയ ഭൂഖണ്ഡങ്ങളിൽനിന്നുപോലും സാധകർ അമ്മയെത്തേടി എത്തിത്തുടങ്ങി. സർവ്വസ്വവും ഉപേക്ഷിച്ച് അമ്മയോടൊപ്പം സ്ഥിരതാമസമാക്കിയ സ്വദേശികൾക്കും വിദേശികൾക്കും അമ്മ ഭാരതീയ സന്ന്യാസപാരമ്പര്യമനുസരിച്ചു ശിക്ഷണം നല്കിത്തുടങ്ങി. ഒരു നേരത്തെ ആഹാരത്തിനുപോലും വകയില്ലാതെയും ഒരു തുണ്ടു ഭൂമിപോലും സ്വന്തമായില്ലാതെയും പ്രതിബന്ധങ്ങളിൽ പതറാതെയും താൻ ജനിച്ചുവളർന്ന വീടുതന്നെ അമ്മ ആശ്രമമാക്കിമാറ്റി. ആദ്ധ്യാത്മികചരിത്രത്തിലെ രോമഹർഷകമായ അത്യപൂർവ്വസംഭവമാണിത്. ഉടുക്കാൻ വസ്ത്രമില്ല, കിടക്കാൻ സൗകര്യമില്ല, കഴിക്കാൻ ആഹാരമില്ല. ഇതിനെല്ലാം പുറമെ, നാട്ടുകാരുടെ പരിഹാസവും വീട്ടുകാരുടെ പ്രതിഷേധവും. പക്ഷേ, അമ്മയോടുള്ള പ്രേമഭക്തിയിൽ അവയൊന്നും ശിഷ്യഗണങ്ങളെ അലട്ടിയില്ല. ഈശ്വരനെ ആശ്രയിച്ചാൽ ഈശ്വരൻ വേണ്ടതു വേണ്ടസമയത്ത് എത്തിച്ചുകൊള്ളുമെന്നുള്ള അമ്മയുടെ വാക്കു



കൾ സത്യമാക്കിക്കൊണ്ടു്, അരിയില്ലെങ്കിൽ ആരെങ്കിലും അരിയെത്തിക്കും; തുണിയില്ലെങ്കിൽ ആരെങ്കിലും തുണിയെത്തിക്കും. അങ്ങനെ ഇല്ലായ്മയുടെ നടുവിലും സംതൃപ്തിയും സമൃദ്ധിയും ആശ്രമത്തിൽ കളിയാടി. അമ്മയിൽ ശരണമടയുന്നവരുടെ സംഖ്യ വർദ്ധിച്ചുവരികയും ആശ്രമത്തിനായി അമ്മയുടെ അച്ഛൻ അല്പം ഭൂമി ദാനം ചെയ്യുകയും ചെയ്തതോടെ 1981-ൽ ആശ്രമം ഔപചാരികമായി രജിസ്റ്റർ ചെയ്യപ്പെട്ടു. ഒരു ശിഷ്യൻ ആദരപൂർവ്വം നല്കിയ 'മാതാ അമൃതാനന്ദമയീദേവി' എന്ന അന്വർത്ഥമായ നാമധേയം അമ്മ സ്വീകരിക്കുകയും ചെയ്തു.

ആശ്രമത്തിലെത്തുന്ന ഭക്തജനങ്ങൾക്കു വേണ്ട സർവ്വകാര്യങ്ങളും അമ്മ ശ്രദ്ധിച്ചുവന്നു. അമ്മതന്നെ ആഹാരം വിളമ്പും. പലപ്പോഴും തൃക്കൈകൾകൊണ്ടു ഭക്തസന്താനങ്ങളെ ഊട്ടുകയും ചെയ്യും. അമ്മതന്നെ ഭക്തജനങ്ങൾക്കു കിടക്കുവാനുള്ള സൗകര്യങ്ങൾ പ്രത്യേകം പ്രത്യേകം അന്വേഷിച്ച് ഏർപ്പെടുത്തും. ചിലപ്പോൾ അതിഥികളെ ഊട്ടിയിട്ടു് ആതിഥേയർ പട്ടിണികിടന്നു. ചിലപ്പോൾ അമ്മതന്നെ ഭിക്ഷയെടുത്തു മക്കളെ ഊട്ടി. ക്രമേണ ആത്മീയതയുടെ അനശ്വര സന്ദേശം പരത്താൻ അമ്മ ജനമദ്ധ്യത്തിലേക്കു് ഇറങ്ങിത്തിരിച്ചു. കേരളത്തിലങ്ങോളമിങ്ങോളവും മറ്റു സംസ്ഥാനങ്ങളിലും സഞ്ചരിച്ചു നാമസങ്കീർത്തനങ്ങളും സമൂഹപൂജകളും ആത്മീയപ്രവചനങ്ങളും നയിച്ചു. അത്തരം യജ്ഞവേദികളെത്തന്നെ ബഹുജനങ്ങളുമായി വ്യക്തിപരമായ സമ്പർക്കത്തിനുള്ള വേദിയാക്കി. പതിനായിരങ്ങൾ അമ്മയെ ദർശിക്കാൻ തടിച്ചുകൂടിയപ്പോഴും ഇരുപതും ഇരുപത്തഞ്ചും ചിലപ്പോൾ അതിലധികവും മണിക്കൂറുകൾ ഒറ്റയിരിപ്പിൽ ഇരുന്നു് അവസാനത്തെ ആളിനുപോലും ദർശനം നല്കി അനുഗ്രഹിച്ചശേഷമേ അമ്മ എഴുന്നേല്ക്കാറുള്ളൂ.





Amritapuri Ashram

## ലോകം ഒരു പുഷ്പം

അമ്മയെപ്പറ്റി കേരളീയർപോലും പരക്കെ അറിഞ്ഞു തുടങ്ങുന്നതിനു മുൻപ് അമ്മ ഒരിക്കൽ ഇങ്ങനെ പറഞ്ഞു, "അമ്മയുടെ മക്കൾ ലോകത്തിന്റെ നാനാഭാഗങ്ങളിലുമുണ്ട്. അവരുടെ ഹൃദയത്തിന്റെ വിളി അമ്മയ്ക്കു കേൾക്കാം. തപിക്കുന്ന അവരുടെ ഹൃദയങ്ങൾക്കു ശാന്തിപകരാൻ നാല്പതു വയസ്സിനുള്ളിൽ അമ്മ ലോകം മുഴുവൻ സഞ്ചരിക്കും." ഈ വാക്കുകൾ സത്യമാക്കിക്കൊണ്ട് 1987-ൽ, അമ്മ ആദ്യത്തെ വിദേശപര്യടനം നടത്തി. തുടർന്ന് എല്ലാ വർഷവും അമ്മ ലോകപര്യടനം നടത്തിവരുന്നു. എല്ലാ ഭൂഖണ്ഡങ്ങളിലും ദിവ്യമായ മാതൃസ്നേഹത്തിന്റെയും ആത്മീയതയുടെയും സന്ദേശവുമായി അമ്മയെത്തി. യാന്ത്രികജീവിതംകൊണ്ട് മരവിച്ചുപോയ ലോകജനതയുടെ അന്തരാത്മാവിന്റെ തേങ്ങൽ അമ്മയുടെ ദർശനത്തിൽ അണപൊട്ടി ഒഴുകി. അവർ എന്തിനുവേണ്ടി ദാഹിച്ചിരുന്നുവോ, ആ നിഷ്കളങ്കപ്രേമവും ശാന്തിദായകമായ ആത്മീയജ്ഞാനവും അമ്മ അവർക്കു പകർന്നുനല്കി. അമ്മയുടെ സന്നിധിയിൽ ഭാഷയുടെയും വർണ്ണത്തിന്റെയും അതിർവരമ്പുകൾ മാഞ്ഞുപോയി. മലയാളം മാത്രമറിയുന്ന അമ്മ ഹൃദയത്തിന്റെ ഭാഷയിലൂടെ മക്കളുമായി സംവദിച്ചു. അമ്മയുടെ ആഗമനം ആയിരങ്ങളുടെ ജീവിതത്തിൽ പരിവർത്തനത്തിന്റെ നാന്ദികുറിച്ചു.

## അമ്മയുടെ ദർശനം

കൃഷ്ണദേവീഭാവദർശനങ്ങൾ നടക്കുന്ന കാലത്തുതന്നെ അമ്മ പ്രതിദിനം തന്നെ കാണാനെത്തുന്നവർക്കു ദർശനം നല്കിവന്നിരുന്നു. ഒരേയിരിപ്പിൽ ആയിരക്കണക്കിനു സന്ദർശകരെ ഓരോരുത്തരെയായി സ്വീകരിച്ച് ആത്മീയവും ഭൗതികവുമായ മാർഗ്ഗദർശനവും സാന്ത്വനവും നല്കുന്ന അമ്മയുടെ ദർശനരീതി ഒരു മഹാദ്ഭുതംതന്നെയാണ്! കഴിഞ്ഞ നാലു പതിറ്റാണ്ടിലേറെക്കാലംകൊണ്ടു ലോകമെമ്പാടുമുള്ള അനേകകോടി ജനങ്ങൾക്ക് അമ്മ ദർശനം നല്കിയിട്ടുണ്ട്. ഒറ്റയിരിപ്പിൽ ഇരുപത്തിനാലു മണിക്കൂറിലേറെ സമയം ദർശനം നല്കിയ അവസരങ്ങൾ അനവധിയാണ്.





“ഒരു നാണയത്തിന്റെ രണ്ടു വശങ്ങൾ
പോലെയാണു ശാസ്ത്രപഠനവും ധ്യാനവും.
എന്നാൽ അതിലെ മുദ്ര നിഷ്കാമസേവനമാണ്.
നാണയത്തിനു മൂല്യം നല്കുന്നത്
അതിലെ മുദ്രയാണ്.”

**അമ്മ**

അമ്മ ഇതുവരെയുള്ള തന്റെ ജീവിതത്തിലൂടെ നാലു കോടിയിലധികം ജനങ്ങൾക്കു സ്നേഹാശ്ലേഷം നല്കിക്കഴിഞ്ഞിരിക്കുന്നു. മാതൃസ്നേഹത്തിന്റെ ഈ ശക്തിപ്രസരണം അനേകായിരം മക്കളെ അനായാസം പ്രചോദിതരാക്കുന്നു, സേവനപാത തെരഞ്ഞെടുക്കുന്ന അവർക്കു മാർഗ്ഗദീപവുമായിത്തീരുന്നു. അതിന്റെ നേർക്കാഴ്ചകളാണു മാതാ അമൃതാനന്ദമയീമഠത്തിന്റെ സേവനപ്രവർത്തനങ്ങൾ.

## ആദ്ധ്യാത്മികസാംസ്കാരികസംരംഭങ്ങൾ

- **സേവാസമിതി** : ആദ്ധ്യാത്മികവും ഭൗതികവുമായ സേവനപ്രവർത്തനങ്ങളിൽ വ്യാപൃതരായ ഭക്തരുടെ കൂട്ടായ്മ.
- **മാതൃസമിതി** : കുടുംബങ്ങളിലെ മൂല്യസംരക്ഷണത്തിനായി യത്നിക്കുന്നു.
- **ബാലസംസ്കൃതികേന്ദ്രം** : കുട്ടികൾക്കുള്ള സാംസ്കാരികപഠനകേന്ദ്രങ്ങൾ
- **IAM സമഗ്ര അമൃത ധ്യാനപദ്ധതി** : മാനവജീവിതലക്ഷ്യം നിറവേറ്റാനുതകുന്ന ഈ സാധനാപദ്ധതി അമ്മയുടെ സങ്കല്പത്തിൽ വിരിഞ്ഞ ഒന്നാണ്. മനസ്സിന്റെ പിരിമുറുക്കത്തിന് അയവു വരുത്തി ആശ്വാസം നല്കുന്ന ഈ പരിശീലനപദ്ധതിയുടെ ശാസ്ത്രീയത സംബന്ധിച്ച ലേഖനങ്ങൾ അന്താരാഷ്ട്ര ജേർണലുകളിലും പ്രസിദ്ധീകൃതമായിട്ടുണ്ട്.
- **അമൃതയോഗ** : മനുഷ്യന്റെ ശാരീരികവും മാനസികവുമായ ആദ്ധ്യാത്മികവളർച്ചയെ ലക്ഷ്യമാക്കി അമ്മയുടെ മാർഗ്ഗദർശനത്തിൽ ആവിഷ്കരിക്കപ്പെട്ടിട്ടുള്ള യോഗധ്യാനപദ്ധതിയാണ് അമൃതയോഗ.
- **അമലഭാരതം** : ഭാരതത്തെ മാലിന്യമുക്തമാക്കാൻ ആശ്രമം അഖിലഭാരതാടിസ്ഥാനത്തിൽ നടത്തിവരുന്ന ശുചീകരണയജ്ഞമാണ് അമലഭാരതം പദ്ധതി. ഇതിന്റെ ഭാഗമായി രാജ്യത്തിന്റെ നാനാഭാഗങ്ങളിലുള്ള പൊതുസ്ഥലങ്ങൾ, തീർത്ഥാടനകേന്ദ്രങ്ങൾ, വിദ്യാഭ്യാസസ്ഥാപനങ്ങൾ തുടങ്ങിയ ഇടങ്ങളിൽ മാലിന്യനിർമ്മാർജ്ജനം നടത്തിവരുന്നു.










# ദുരിതാശ്വാസ ലോകസേവനപ്രവർത്തനങ്ങൾ

- 2014-ൽ, കശ്മീരിലുണ്ടായ വെള്ളപ്പൊക്ക ദുരന്തബാധിതർക്കുവേണ്ടി ഇരുപത്തിയഞ്ചുകോടിയുടെ ദുരിതാശ്വാസപ്രവർത്തനങ്ങൾ.
- 2014-ൽ, ഹയാൻ കൊടുങ്കാറ്റു വൻനാശനഷ്ടങ്ങൾ വിതച്ച ഫിലിപ്പൈൻസിലെ ജനങ്ങൾക്കു് ഇരുപതുലക്ഷം ഡോളറിന്റെ ധനസഹായം.
- 2013-ൽ ഉത്തരാഖണ്ഡിൽ ഉണ്ടായ പ്രളയത്തിൽ നാശനഷ്ടം സംഭവിച്ചവർക്കുള്ള ആരോഗ്യരക്ഷാപുനരധിവാസപ്രവർത്തനങ്ങൾ.
- 2013-ൽ, കേരളത്തിൽ ഉണ്ടായ ഉരുൾപൊട്ടലിലും ബോട്ടപകടത്തിലും ദുരിതബാധിതരായവർക്കു് ഒരുലക്ഷം രൂപവീതം ധനസഹായം.
- 2012-ൽ, തമിഴ്നാട്ടിലെ ശിവകാശിയിൽ എൽ.പി.ജി. ടാങ്കർ അപകടത്തിലും പടക്കനിർമ്മാണഫാക്ടറിയിലെ അപകടത്തിലും മരിച്ചവരുടെ കുടുംബങ്ങൾക്കും പരിക്കേറ്റവർക്കും സാമ്പത്തികസഹായം.
- 2011-ൽ, ജപ്പാനിലുണ്ടായ ഭൂകമ്പത്തിലും സുനാമിയിലും കുടുംബാംഗങ്ങൾ നഷ്ടപ്പെട്ടു് അനാഥരായ കുട്ടികൾക്കു പത്തുലക്ഷം ഡോളറിന്റെ ധനസഹായം.
- 2010-ൽ, ഹൈത്തിയിലുണ്ടായ ഭൂകമ്പത്തിൽ ദുരിതബാധിതരായവർക്കു ചികിത്സ, വസ്ത്രം തുടങ്ങിയവയും കുട്ടികൾക്കു വിദ്യാഭ്യാസസഹായവും.
- 2009-ൽ, കർണ്ണാടകത്തിലും ആന്ധ്രാപ്രദേശിലുമുണ്ടായ വെള്ളപ്പൊക്കത്തിൽ ഭവനരഹിതരായ ആയിരം കുടുംബങ്ങൾക്കു സൗജന്യഭവനങ്ങൾ. ചികിത്സയ്ക്കും ഭക്ഷണത്തിനുമായി നൂറ്റിയേഴുലക്ഷം ഡോളറിന്റെ ധനസഹായം.
- 2009-ൽ, പശ്ചിമബംഗാളിലുണ്ടായ ഏലാ കൊടുങ്കാറ്റിൽ ദുരിതബാധിതരായവർക്കു ഭക്ഷണവും ചികിത്സയും.

- 2008-ൽ, ബീഹാറിലും 2006-ൽ, ഗുജറാത്തിലും 2005-ൽ, മുംബൈയിലുമുണ്ടായ വെള്ളപ്പൊക്കത്തിൽ ദുരിതാശ്വാസപ്രവർത്തനങ്ങൾ. പതിനഞ്ചു ലക്ഷം ഡോളറിന്റെ ധനസഹായം.
- 2005-ൽ, കശ്മീർ ഭൂകമ്പദുരിതാശ്വാസപ്രവർത്തനങ്ങൾ.
- 2005-ൽ, അമേരിക്കയിലുണ്ടായ കത്രീനാ ചുഴലിക്കാറ്റിൽ ദുരിതബാധിതരായവർക്കായി പത്തുലക്ഷം ഡോളർ ധനസഹായം.
- 2004-ൽ, ഭാരതം, ശ്രീലങ്ക എന്നിവിടങ്ങളിലുണ്ടായ സുനാമിദുരന്തത്തിൽ നാന്നൂറ്റിയറുപതുലക്ഷം ഡോളറിന്റെ ദുരിതാശ്വാസപ്രവർത്തനം. ഇതിന്റെ ഭാഗമായി ആറായിരത്തി ഇരുന്നൂറു ഭവനങ്ങൾ, എഴുന്നൂറു മത്സ്യബന്ധന ബോട്ടുകൾ, രണ്ടായിരത്തിയഞ്ഞൂറു പേർക്കു സൗജന്യ തൊഴിൽപരിശീലനം.
- 2001-ലെ ഗുജറാത്തു് ഭൂകമ്പബാധിത പ്രദേശങ്ങളിലുള്ളവർക്കു ഭൂകമ്പപ്രതിരോധശേഷിയുള്ള ആയിരത്തിയിരുന്നൂറു ഭവനങ്ങൾ.



## മഠത്തിന്റെ ദീർഘകാലപദ്ധതികൾ

- ഭാരതമെമ്പാടുമായി നാല്പത്തയ്യായിരം സൗജന്യഭവനങ്ങൾ നല്കിയ '**അമൃതകുടീരം**' പദ്ധതി. ഒരു ലക്ഷം സൗജന്യഭവനങ്ങളാണു ലക്ഷ്യമിട്ടിരിക്കുന്നതു്.
- അത്യന്തം നിർദ്ധനരായ നാല്പത്താറായിരം കുട്ടികൾക്കു ധനസഹായം നല്കുന്ന '**വിദ്യാമൃതം**' സ്കോളർഷിപ്പു പദ്ധതി. ഒരു ലക്ഷം സ്കോളർഷിപ്പുകളാണു ലക്ഷ്യമിട്ടിരിക്കുന്നതു്.
- പ്രതിവർഷം ഭാരതത്തിൽ ഒരു കോടിയും വിദേശത്തു് ഒരു ലക്ഷവും നിർദ്ധനർക്കു സൗജന്യമായി ഭക്ഷണം നല്കുന്നു.
- വനവാസികളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായുള്ള '**അമൃതാരണ്യജീവനം**' പദ്ധതി.





## അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ

- കേരളത്തിൽ അഞ്ഞൂറു കുട്ടികളെയും നൈറോബിയിൽ നൂറു കുട്ടികളെയും പാർപ്പിക്കുന്ന '**അമൃതനികേതൻ**' അനാഥാലയങ്ങൾ.
- തമിഴ്നാട്ടിൽ ശിവകാശി, കേരളത്തിൽ കോട്ടയം, കർണ്ണാടകത്തിൽ ബാംഗ്ലൂർ, കാർവാർ തുടങ്ങിയ സ്ഥലങ്ങളിൽ മഠത്തിന്റെ വൃദ്ധസദനങ്ങൾ.

## സ്ത്രീശാക്തീകരണം

- സാമ്പത്തികമായി പിന്നാക്കാവസ്ഥയിലുള്ളവർ, നിരാശ്രയർ, നിരാലംബർ തുടങ്ങി സമൂഹത്തിന്റെ നാനാതുറയിലുള്ള സ്ത്രീകളുടെ സ്വയംപര്യാപ്തതയ്ക്കുവേണ്ടി 2006-ൽ മാം തുടങ്ങിയ പദ്ധതിയാണു് അമൃതശ്രീ. 7000 അമൃതശ്രീ സ്വാശ്രയസംഘങ്ങളിലായി 1,25,000 സ്ത്രീകൾക്കു തൊഴിൽ ലഭിച്ചിട്ടുണ്ടു്. കമ്പ്യൂട്ടറിന്റെ സഹായത്തോടെ സ്ത്രീകൾക്കു പ്ലംബിങ്, പെയിന്റിങ്, ആഭരണനിർമ്മാണം, സോപ്പുനിർമ്മാണം തുടങ്ങിയ വിവിധ തൊഴിൽമേഖലകളിൽ പരിശീലനം നല്കുന്നു.
- 'അമൃതനിധി' പെൻഷൻപദ്ധതിയിലൂടെ അഗതികളായ സ്ത്രീകൾക്കും വിധവകൾക്കും പ്രതിമാസധനസഹായം ലഭിക്കുന്നു.





AMRITA SeRVe SELF RELIANT VILLAGE

## അമൃത സെർവ്

നമ്മുടെ രാജ്യത്തിന്റെ അസ്തിവാരമാണു ഗ്രാമങ്ങൾ. ഭാരതപര്യടനവേളകളിൽ ഗ്രാമങ്ങളിലൂടെ യാത്ര ചെയ്യുമ്പോൾ ഗ്രാമീണർ അനുഭവിക്കുന്ന കഷ്ടതകൾ നേരിൽ കണ്ട അമ്മ, ഗ്രാമപുനർനിർമ്മാണപ്രവർത്തനങ്ങൾക്കുവേണ്ടി 'അമൃത സെർവ്'നു രൂപം നല്കി. ആദ്യഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ട 101 ഗ്രാമങ്ങളെ സ്വാശ്രയഗ്രാമങ്ങളാക്കാൻ ഉദ്ദേശിച്ചുള്ളതാണു മഠത്തിന്റെ ഈ പദ്ധതി. ആരോഗ്യം, വിദ്യാഭ്യാസം, ജലവിതരണം, കൃഷി, പരിസ്ഥിതിസൗഹൃദവികസനം, വരുമാനാർജ്ജനപദ്ധതികൾ, ആത്മ ശാക്തീകരണം തുടങ്ങിയവയിൽ ഊന്നൽ നല്കിയുള്ള പ്രവർത്തനങ്ങളാണു് അമൃതസെർവിലൂടെ നടപ്പിലാക്കുന്നതു്.



## അമൃത യുവധർമ്മധാര (അയുദ്ധ്)

യുവാക്കളുടെ ജീവിതത്തിൽ ധാർമ്മികമൂല്യങ്ങളും സേവനചിന്തയും അർപ്പണബോധവും വളർത്താനായി അമൃത യുവ ധർമ്മധാര പ്രവർത്തിക്കുന്നു. ഭാരതത്തിനു പുറമെ ആഫ്രിക്ക, യൂറോപ്പ്, അമേരിക്ക ആസ്ത്രേലിയ, ജപ്പാൻ തുടങ്ങിയ വിദേശരാജ്യങ്ങളിലും അയുദ്ധിന്റെ സാന്നിദ്ധ്യം സജീവമാണ്.



## ഗ്രീൻഫ്രണ്ട്സ്

പ്രകൃതി സംരക്ഷണത്തിനായി അന്താരാഷ്ട്രതലത്തിൽ മഠം ആരംഭിച്ച സന്നദ്ധസംഘടനയാണു 'ഗ്രീൻഫ്രണ്ട്സ്.' വൈവിദ്ധ്യമാർന്ന പ്രകൃതിസംരക്ഷണപരിപാടികളാണു ഗ്രീൻഫ്രണ്ട്സ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ഹരിതവത്കരണം, ജൈവകൃഷിപ്രോത്സാഹനം, പരിസരശുചീകരണം, മാലിന്യസംസ്കരണം എന്നിവ ഗ്രീൻഫ്രണ്ട്സിന്റെ പ്രധാനപ്പെട്ട ചില പ്രവർത്തനമേഖലകളാണ്.



Amrita Institute of Medical Sciences and Research Centre,
Ponekkara, P. O Kochi, Kerala 682 041, India Ph: 0484 280 1234 www.aimshospital.org

## AIMS (അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്)

- ആയിരത്തിമുന്നൂറു കിടക്കകളുള്ള ചാരിറ്റബിൾ ആശുപത്രി. നിർദ്ധനർക്കു സൗജന്യചികിത്സ.
- പതിമൂന്നു സ്പെഷ്യാലിറ്റികൾ. ഇരുപത്തിയൊന്നു് ഓപ്പറേഷൻ തീയറ്ററുകൾ.
- ആറായിരത്തിലധികം സ്വയംസഹായസംഘങ്ങളിലൂടെ സ്ത്രീകൾക്കു ഹോംനഴ്സിങ് പരിശീലനം.
- ഭാരതത്തിലാകെയായി ആയിരത്തിലധികം സൗജന്യ വൈദ്യപരിശോധനാശിബിരങ്ങൾ.
- ഭാരതത്തിലും ആഫ്രിക്കയിലുമായി നാല്പതിലധികം ഒറ്റപ്പെട്ട പ്രദേശങ്ങൾക്കായി ടെലിമെഡിസിൻ സംവിധാനം.
- നൂറുകണക്കിനു് ആദിവാസിഗ്രാമീണർക്കു് ആരോഗ്യപ്രവർത്തനങ്ങളിൽ പരിശീലനം.
- കേരളം, കർണ്ണാടക, ആൻഡമാൻ നിക്കോബർ എന്നിവിടങ്ങളിലായി സൗജന്യ വൈദ്യസഹായം ലഭ്യമാക്കുന്ന അമൃതകൃപ ചാരിറ്റബിൾ ആശുപത്രിയുടെ അഞ്ചു കേന്ദ്രങ്ങൾ.
- മുംബൈയിൽ കാൻസർ ഹോസ്പിസ്.

## അമൃത ആയുർവ്വേദ ആശുപത്രി

ഋഷിപ്രോക്തമായ ആയുർവ്വേദത്തിന്റെ ശാസ്ത്രീയശൈലി പിൻതുടർന്നും അതേസമയം കാലോചിതമായ സമീപനം ഉൾക്കൊണ്ടും ഇന്നത്തെ സമൂഹത്തിനു് ഏറ്റവും ഗുണനിലവാരമുള്ള ചികിത്സ ലഭ്യമാക്കുന്ന മികച്ച സ്ഥാപനം.

Amrita Ayurveda Hospital,
Amritapuri, Clappana P.O,Vallickavu,
Kollam Kerala- 690525 Ph: 0476-2899688



# അമൃതവിദ്യാഭ്യാസസ്ഥാപനങ്ങൾ

## അമൃതവിശ്വവിദ്യാപീഠം

ഭാരതത്തിലെ ഉന്നതനിലവാരമുള്ള സർവ്വകലാശാലകളിൽ ഏറ്റവും വേഗത്തിൽ വളർച്ച പ്രാപിച്ചുകൊണ്ടിരിക്കുന്ന ഒന്നാണ് അമൃതവിശ്വവിദ്യാപീഠം. വിദേശ യൂണിവേഴ്സിറ്റികളുമായുള്ള സഹകരണത്തോടെ, പല വിദ്യാഭ്യാസപദ്ധതികളും നടപ്പിലാക്കുന്ന ഈ സർവ്വകലാശാലയ്ക്ക് ഉപഗ്രഹസാങ്കേതികവിദ്യാസഹായത്തോടെയുള്ള വിദ്യാഭ്യാസഗവേഷണശൃംഖല സ്വന്തമാണ്. കേരളത്തിലും തമിഴ്നാട്ടിലും കർണ്ണാടകത്തിലും അമൃതവിശ്വവിദ്യാപീഠത്തിന്റെ കാമ്പസ്സുകളുണ്ട്. അമ്മ ചാൻസലർ സ്ഥാനം അലങ്കരിക്കുന്ന അമൃതവിശ്വവിദ്യാപീഠം NAAC-ന്റെ 'എ' ഗ്രേഡ് അംഗീകാരമുള്ള യൂണിവേഴ്സിറ്റിയാണ്.

സ്റ്റാൻഫെഡ്, എം.ഐ.ടി., ന്യൂയോർക്ക്, സ്വിറ്റ്സർലന്റിലെ ഇ.പി.എഫ്.എൽ., ആംസ്റ്റർഡാമിലെ വി.യു., മ്യൂണിക്, റോമാ ട്രേ, സൂറിച്ചിലെ ഇ.ടി.എച്ച്., ടോക്കിയോ തുടങ്ങിയ സർവ്വകലാശാലകളുമായി സഹകരിച്ചു പ്രവർത്തിക്കുന്നു.

എൻജിനീയറിങ്, മെഡിസിൻ, ആയുർവ്വേദം, നഴ്സിങ്, ഡെന്റൽ, ഫാർമസി, ബിസിനസ്, ജേർണലിസം, ബയോടെക്നോളജി, ആർട്സ് ആന്റ് സയൻസ് തുടങ്ങിയ വിഭാഗങ്ങൾ അമൃതവിശ്വവിദ്യാപീഠത്തിന്റെ അഞ്ചു കാമ്പസ്സുകളിലായി പ്രവർത്തിക്കുന്നു.

അമൃത റിസർച്ചുലാബുകളും മറ്റു ഗവേഷണസ്ഥാപനങ്ങളും കമ്പ്യൂട്ടർ, ഇ-ലേണിങ്, ബയോടെക്നോളജി തുടങ്ങിയ മേഖലകളിൽ ഗവേഷണം നടത്തുന്നു.



Amritapuri Campus
Amritapuri, clappana P. O.
Kollam - 690525 Kerala
Ph: +91 (476) 280 1280
Email: campus@am.amrita.edu

Coimbatore Campus
Amritanagar, Coimbatore - 641 112
Tamilnadu Ph: +91 (422) 2685 000
Email: univhq@amrita.edu

Bangaluru Campus
Kasavanahalli, Carmelaram P.O.
Bangaluru - 560 035, Karnataka
Ph: +91 (80) 2518 3700
Email: info@blr.amrita.edu

Mysuru Campus
#114, 7th Main Bogadi II Stage,
Mysuru - 5700026 Karnataka
Ph: +91 (821) 234 3479
Email: asasmysore@gmail.com

Kochi Campus
Amrita School of Arts & Sciences,
Brahmasthanam, Edappally North P.O.,
Kochi - 682024 Kerala,
Ph: +91 (484) 280 2899
Email: asaskochi@amrita.edu

Health Sciences Campus
Amrita Institute of Medical Sciences
Elamakkara P.O. Kochi - 682 041
Kerala Ph: +91 (484) 285 5651
Email: medicalcollege@aims.amrita.edu

School of Ayurveda
Amritapuri, Clappana P.O.,
Kollam - 690525 Kerala
Ph: +91 (476) 289 9688
Email: info@amritahospital.com



Coimbatore Campus


Bangaluru Campus


Amritapuri Campus





## അമൃതവിദ്യാലയം

ഭാരതത്തിലെ വിവിധ സംസ്ഥാനങ്ങളിലായി അൻപത്തിരണ്ടു അമൃതവിദ്യാലയങ്ങൾ പ്രവർത്തിക്കുന്നു. കൂടാതെ അഞ്ച് എയിഡഡ് ഹയർ സെക്കൻഡറി സ്കൂളുകളും മഠം നടത്തിവരുന്നു. ഭാരതീയമൂല്യങ്ങളിൽ ഊന്നിയുള്ള പാഠ്യപദ്ധതി അമൃത വിദ്യാലയങ്ങളുടെ പ്രത്യേകതയാണ്. സ്മാർട്ട് ക്ലാസ്സുകളും ലാബുകളും ആധുനിക വിദ്യാഭ്യാസസൗകര്യങ്ങളും ശാസ്ത്രീയമായ പഠനരീതികളും സി.ബി.എസ്.ഇ. പരീക്ഷകളിൽ അമൃത വിദ്യാലയങ്ങൾക്കു നൂറു ശതമാനം വിജയം ഉറപ്പുവരുത്തുന്നു.

Amrita Vidylayam (H.Q.), Mata Amritanandamayi Math, Amritapuri P.O, Kollam, Kerala Ph: 0476 2895938/37 www.amritavidyalayam.org



## അമൃത സംസ്കൃത ഹയർസെക്കൻഡറി സ്കൂൾ, പാരിപ്പള്ളി, കൊല്ലം

പാരിപ്പള്ളിയിൽ പ്രവർത്തിക്കുന്ന അമൃത സംസ്കൃത ഹയർ സെക്കൻഡറി സ്കൂൾ മികച്ച പഠനനിലവാരം നിലനിർത്തുന്നതോടൊപ്പം സംസ്കൃതഭാഷയുടെ ഉന്നമനത്തിനും ഭാരതീയ പാരമ്പര്യകലകളുടെ പോഷണത്തിനും പ്രാധാന്യം നല്കുന്നു. ഇവിടെ വിദ്യാർത്ഥികൾക്കു ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്.

## അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഡിഫറന്റ്ലി ഏബിൾഡ്

ഭിന്നശേഷിയുള്ള കുട്ടികളുടെ സമഗ്രവികസനത്തിനും പുനഃരധിവാസത്തിനുമായി പ്രവർത്തിക്കുന്ന വിദ്യാഭ്യാസ്ഥാപനം. കൊച്ചിയിലും കോഴിക്കോടുമായി രണ്ടു സ്കൂളുകൾ പ്രവർത്തിക്കുന്നു.

**Kozhikode:** Jail Road, Puthiyara P.O, Calicut - 4 Ph: 0495 2701027 I **Ernakulam:** Valummel Road, Thoppumpadi P.O, Cochin-6 Ph: 09446347755

## അമൃത സ്പീച്ച് ആൻഡ് ഹിയറിങ് ഇംപ്രൂവ്മെന്റ് സ്കൂൾ (ASHIS)

ബധിരമൂക വിദ്യാർത്ഥികൾക്കു സംസാരവൈകല്യം മറികടക്കാൻ പ്രത്യേക പരിശീലനം നല്കുന്ന ഈ സ്കൂൾ എസ്.എസ്.എൽ.സി. പരീക്ഷയിൽ നൂറുശതമാനം വിജയം കൈവരിക്കുന്നു.

Amrita Speech and Hearing Improvement School, Panchickalm, Ayyanthole Civil Lane Road, Ayyanthole Thrissur, Kerala 680003, India Ph: 0487 236 1611



## മാനവികഗവേഷണങ്ങൾ

**അമൃത സെന്റർ ഫോർ നാനോ സയൻസസ്:** ഭാരതത്തിലെ പ്രഥമ നാനോ സെന്ററാണിതു്. 2006 ഫെബ്രുവരിയിൽ സ്ഥാപിതമായി. നാനോ ടെക്നോളജി, മോളിക്യുലാർ മെഡിസിൻ, സോളാർ സെൽ റിസർച്ച്ു് തുടങ്ങിയ മേഖലകളിൽ മികച്ച സ്ഥാപനമാണു് ഈ പഠനഗവേഷണകേന്ദ്രം.

**അമൃത ബയോ മെഡിക്കൽ എഞ്ചിനീയറിങ്:** ലോ കോസ്റ്റ് ഇൻസുലിൻ പമ്പു്, എക്സറേ ഡിജിറ്റലൈസർ, സ്കൾ ഇംപ്ലാന്റുകൾ തുടങ്ങിയ പല ഉപകരണങ്ങളും ഈ വിഭാഗം വികസിപ്പിച്ചിട്ടുണ്ടു്.

**അമൃത സെന്റർ ഫോർ റിസർച്ച് ഇൻ അഡ്വാൻസ്ഡ് ടെക്നോളജീസ് ഫോർ എഡ്യൂക്കേഷൻ** (CREATE): അമൃതവിശ്വവിദ്യാപീഠത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസസാങ്കേതിക വിദ്യാകേന്ദ്രം. ഇരുപത്തേഴായിരത്തിലധികം ഗ്രാമീണവിദ്യാർത്ഥികൾ CREATE വികസിപ്പിച്ച കമ്പ്യൂട്ടർ സഹായത്തോടെയുള്ള അഡാപ്റ്റീവ് അസസ്മെന്റ് ആന്റ് ലേണിങ് പ്രോഗ്രാം പ്രയോജനപ്പെടുത്തുന്നു.

**അമൃത സെന്റർ ഫോർ സൈബർ സെക്യൂരിറ്റി സിസ്റ്റംസ് ആന്റ് നെറ്റ്വർക്സ്:** സൈബർ സെക്യൂരിറ്റിയുടെ വികസ്വരങ്ങളായ മേഖലകളെക്കുറിച്ചുള്ള വിജ്ഞാനം പകരാൻ കഴിവുള്ള വിദഗ്ദ്ധരെ വാർത്തെടുക്കുകയാണു സെന്ററിന്റെ മുഖ്യലക്ഷ്യം.

**അമൃത സെന്റർ ഫോർ വയർലസ് നെറ്റ്വർക്കു് ആന്റ് ആപ്ലിക്കേഷൻസ്** (WNA): കമ്പ്യൂട്ടർ സയൻസസ്, ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻസ്, ഇലക്ട്രിക്കൽ മെക്കാനിക്കൽ എൻജിനീയറിങ്ങുകൾ, വിവരസാങ്കേതികവിദ്യ, ജിയോളജി, ഹൈഡ്രോളജി പാരിസ്ഥിതിക എൻജിനീയറിങ് തുടങ്ങിയ മേഖലകളിൽ സാധാരണക്കാരുടെ സമസ്യകൾക്കു പരിഹാരം കണ്ടെത്തുന്ന പ്രവർത്തനങ്ങൾ ഏകീകരിച്ചു നടപ്പിലാക്കുന്നു. വെർച്വൽ ലാബ് വഴി ഭൂകമ്പസാദ്ധ്യതയെക്കുറിച്ചു മുന്നറിയിപ്പു നല്കുന്ന വയർലസ് സെൻസർ നെറ്റ്വർക്ക് WNA വികസിപ്പിച്ചു.



**അമൃത മൾട്ടി മോഡൽ ആപ്ലിക്കേഷൻസ് യൂസിങ് കമ്പ്യൂട്ടർ ഹ്യൂമൻ ഇന്ററാക്ഷൻ (AMMACHI LABS):** AMMACHI LABS വികസിപ്പിച്ച ഹാപ്റ്റിക്ക് എൻഹാൻസ്ഡ് വൊക്കേഷണൽ പ്രോഗ്രാം വഴി അനേകം സ്ത്രീകൾ പ്ലംബിങ് പഠിച്ചു തൊഴിലിൽ പ്രവേശിച്ചിരിക്കുന്നു. മൂവായിരത്തിലധികം സ്ത്രീകൾക്കു കമ്പ്യൂട്ടറൈസ്ഡ് വൊക്കേഷണൽ പ്രോഗ്രാമിലൂടെ വിവിധ തൊഴിലുകളിൽ പരിശീലനം നല്കിയിരിക്കുന്നു. ഐക്യരാഷ്ട്രസഭയുടെ അംഗീകാരം ലഭിച്ച ലോകത്തിലെതന്നെ ഏറ്റവും മികച്ച സ്ത്രീശാക്തീകരണപദ്ധതിയാണു അമ്മച്ചിലാബ്സ് നടത്തിവരുന്നതു്.

**അമൃത ഇലേണിങ് റിസർച്ച് ലാബ് (AERL):** AERL വികസിപ്പിച്ച A-VIEW ഒരു അദ്ധ്യാപകനു് ഒരേ സമയം പല കേന്ദ്രങ്ങളിലുള്ള വിദ്യാർത്ഥികൾക്കു ക്ലാസ്സുകൾ നല്കാൻ സഹായിക്കുന്നു. ഭാരതത്തിലും വിദേശത്തുമായി 450 യൂണിവേഴ്സിറ്റികളും 4,000 കോളേജുകളും ഇതിന്റെ പ്രയോജനം ഉപയോഗപ്പെടുത്തുന്നു. ലോകത്തെ ഏറ്റവും നൂതനമായ ഇന്റർനെറ്റ് അധിഷ്ഠിതസംരംഭമായി CISCO ഈ സാങ്കേതികവിദ്യയെ തെരഞ്ഞെടുത്തിട്ടുണ്ടു്.








## ബ്രഹ്മസ്ഥാനക്ഷേത്രങ്ങൾ

തത്ത്വാധിഷ്ഠിതമായ ക്ഷേത്രാരാധനയും ജീവിതദുരിതനിവാരണവും ലക്ഷ്യമാക്കിയാണ് അമ്മ ബ്രഹ്മസ്ഥാനക്ഷേത്രങ്ങൾ വിഭാവനം ചെയ്തിട്ടുള്ളത്. സർവ്വദേവതാരൂപങ്ങളും ഒരേ ഈശ്വരചൈതന്യത്തിന്റെ വിഭിന്നഭാവങ്ങളാണെന്നു വ്യക്തമാക്കിക്കൊണ്ടു ശിവൻ, ദേവി, ഗണപതി, നാഗം (മുരുകൻ) എന്നീ ദേവതകളെ ഒരൊറ്റ ശിലയിൽ അമ്മ പ്രതിഷ്ഠിച്ചു. നാനാത്വത്തിൽ ഏകത്വത്തെ ദർശിക്കുക എന്നതാണു ബ്രഹ്മസ്ഥാനപ്രതിഷ്ഠ നല്കുന്ന സന്ദേശം. ഭാരതത്തിലെ വിവിധ സ്ഥലങ്ങളിലും മൗറീഷ്യസിലുമായി ഇരുപത്തിയൊന്നു ബ്രഹ്മസ്ഥാനക്ഷേത്രങ്ങൾ തത്ത്വനിഷ്ഠമായ ആരാധനയ്ക്കായി നിലകൊള്ളുന്നു. എല്ലാ ക്ഷേത്രങ്ങളിലും അമ്മതന്നെയാണു പ്രാണപ്രതിഷ്ഠ നടത്തിയിട്ടുള്ളത്.



## അമൃതകീർത്തി പുരസ്കാരം

ഭാരതീയ സംസ്കാരത്തിന്റെയും മൂല്യങ്ങളുടെയും ധർമ്മത്തിന്റെയും പ്രചാരണത്തിനായി പ്രവർത്തിക്കുന്ന സാഹിത്യകാരന്മാരെ പ്രോത്സാഹിപ്പിക്കുന്നതിനായി നല്കുന്ന പുരസ്കാരമാണു അമൃതകീർത്തി. 2001-ലാണു പുരസ്കാരം ഏർപ്പെടുത്തിയതു്. 1,23,456 രൂപയും ആർട്ടിസ്റ്റു നമ്പൂതിരി രൂപകല്പന ചെയ്ത വാഗ്ദേവീശില്പവുമാണു സമ്മാനമായി നല്കുന്നതു്.




## ആശ്രമപ്രസിദ്ധീകരണങ്ങൾ

അനാദിയായ ഋഷിപരമ്പര മനുഷ്യരാശിക്കു നല്കിയ ഉദാത്തജീവിതദർശനം സമൂഹത്തിലെത്തിക്കാൻ മഠം ധാരാളം പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നു. ഭാരതീയവും വിദേശീയവുമായ ഇരുപതിലധികം ഭാഷകളിൽ മഠത്തിൽനിന്നും പ്രസിദ്ധീകരണങ്ങൾ ഇറങ്ങുന്നു. അമ്മയുടെ ജീവിതചരിത്രം, ഉപദേശങ്ങൾ തുടങ്ങി ഋഷിപ്രോക്തങ്ങളായ അനേകം ശാസ്ത്രഗ്രന്ഥങ്ങൾ മഠം പ്രസിദ്ധീകരിച്ചിട്ടുണ്ടു്. ആശ്രമത്തിന്റെ ഇംഗ്ലീഷിലുള്ള ത്രൈമാസിക പ്രസിദ്ധീകരണമാണു് 'ഇമ്മോർട്ടൽ ബ്ലിസ്'.

## മാതൃവാണി

അമ്മയുടെ സന്ദേശം പ്രചരിപ്പിക്കുന്നതിൽ ഏറ്റവുമധികം പങ്കുവഹിച്ച മാതൃവാണി മാസിക 1984-ലാണു പ്രസിദ്ധീകരണം ആരംഭിച്ചതു്. ഭാരതീയവും വിദേശീയവുമായ പതിനാറു ഭാഷകളിൽ മാതൃവാണി പ്രസിദ്ധീകരിക്കുന്നു. കേരളത്തിലെ ഏറ്റവും അധികം പ്രചാരമുള്ള ആദ്ധ്യാത്മികപ്രസിദ്ധീകരണമാണു മാതൃവാണി. അമ്മയുടെ സന്ദേശവും യാത്രാപരിപാടികളും ആദ്ധ്യാത്മികസാംസ്കാരികരചനകളും ബാലപംക്തികളും മഠത്തിന്റെ ബഹുമുഖപ്രവർത്തനങ്ങളുടെ വാർത്തകളും ഓരോ ലക്കം മാതൃവാണിയെയും സമ്പുഷ്ടമാക്കുന്നു.




Ph: 08589003341 Email: matruvani@amritapuri.org www.matruvani.org

# അമ്മ അന്താരാഷ്ട്രവേദികളിൽ

2014 : ഗ്ലോബൽ പീസ് നെറ്റ്‌വർക്ക് വേദിയിൽ ലോകമതനേതാക്കളുമായി അമ്മ (വത്തിക്കാൻ)

2013 : സ്വാമി വിവേകാനന്ദന്റെ നൂറാം ജന്മദിനാഘോഷം (ദില്ലി)

2012 : യുണൈറ്റഡ് നേഷൻസ് അലയൻസ് ഓഫ് സിവിലൈസേഷൻസ് (ഷാങ്ഹായ്)

2009 : സ്വാമി വിവേകാനന്ദൻ ഇന്റർനാഷണൽ ഫൗണ്ടേഷൻ ഉദ്ഘാടനം (ദില്ലി)

2008 : സമ്മിറ്റ് ഓഫ് ദി ഗ്ലോബൽ പീസ് ഇനീഷ്യേറ്റീവ് ഓഫ് വിമൻ (ജയ്പൂർ)

2007 : സിനിമ വെരീറ്റേ ഫിലിം ഫെസ്റ്റിവൽ (പാരീസ്)

2006 : ജയിംസ് പാർക്ക് മോർടൻ ഇന്റർഫെയ്ത്ത് (ന്യൂയോർക്ക്)

2004 : പാർലമെന്റ് ഓഫ് ദി വേൾഡ് റിലീജിയൻസ് (ബാഴ്സലോണ)

2002 : ഗ്ലോബൽ പീസ് ഇനീഷ്യേറ്റീവ് ഓഫ് വിമൻ റിലീജിയൻസ് ആൻഡ് സ്പിരിച്വൽ ലീഡേഴ്സ് (ജനീവ)

2000 : യു.എൻ. മില്ലേനിയം പീസ് സമ്മിറ്റ് (ന്യൂയോർക്ക്)

1995 : ഐക്യരാഷ്ട്രസഭ സുവർണ്ണജൂബിലി ഇന്റർഫെയ്ത്ത് സമ്മേളനം (ന്യൂയോർക്ക്)

1993 : വിശ്വമതമഹാസമ്മേളനത്തിന്റെ നൂറാംവാർഷികം (ചിക്കാഗോ)





## അന്താരാഷ്ട്ര പുരസ്കാരങ്ങൾ

2010 : ഓണററി ഡോക്ടറേറ്റ് ഇൻ ഹ്യൂമൻ ലെറ്റേഴ്സ് (ബഫല്ലോ സ്റ്റേറ്റ് യൂണിവേഴ്സിറ്റി)

2007 : സിനിമ വെരീറ്റേ അവാർഡ് (പാരീസ്)

2006 : ജെയിംസ് പാർക്ക്സ് മോർടൻ ഇന്റർഫെയ്ത്ത് അവാർഡ്

2006 : സന്ത് ജ്ഞാനേശ്വർ വേൾഡ് പീസ് അവാർഡ്

2005 : മഹാവീർ മഹാത്മാ അവാർഡ് (ലണ്ടൻ)

2005 : സെന്റിനറി ലെജൻഡറി അവാർഡ് ഓഫ് ദി ഇന്റർനാഷണൽ റോട്ടറിയൻസ്

2002 : ഗാന്ധി-കിങ് അവാർഡ് (ജനീവ)

1998 : കെയർ ഇൻ ഷെയർ ഇന്റർനാഷണൽ ഹ്യുമാനിറ്റേറിയൻ ഓഫ് ദി ഇയർ (ചിക്കാഗോ)

1993 : ഹിന്ദു നവോത്ഥാന അവാർഡ് (ഹിന്ദുയിസം ടുഡേ)

# M.A.M. Branches - Keralam

**Alappuzha**
M.A. Math
Paravur, Punnapra North, Alappuzha-688014
Ph: 0477-2288747

**Changanassery**
M.A. Math,
Payikkad House, Vazhappally west,
Changanassery, Kottayam-686103
Ph: 0481-2401323

**Idukki (Kattappana)**
M.A. Math
Amritagiri, kochuthovala, Kattappana,
Idukki-685514 Ph: 04868-274939

**Irinjalakuda**
M.A. Math,
Kanjirathodu Lane, KittanMenon Road,
Irinjalakuda - 680 121 Ph: 0480-2825144

**Kollam**
M.A. Math
Mulankadakam,Thirumullavaram,
Kollam-691012 Ph: 0474-2798747

**Koyilandi**
M.A. Math
M.M. Street, Koyilandy-673305
Ph: 0496-2631386

**Kasaragode**
M.A. Math
Vivekananda Nagar, Ramdas Nagar,
Kudlu, Kasaragode-671124
Ph: 9495803880

**Manjeri**
M.A. Math,
Mullampara, Malappuram - 676121
Ph: 0483 2766353

**Pandalam**
M.A. Math
Near M.C. Road, Kurambala,
Pandalam-689501 Ph: 04734-255900

**Pathanamthitta**
M.A. Math
Kallarakkadavu, Pathanamthitta - 689645
Ph: 0468 2325166

**Pala**
M.A. Math
Idamattom, Pala-686578
Ph: 0482-2237645

**Thiruvalla**
M.A. Math
Thukalassery, Thiruvalla - 689101
Ph: 0469-2631080

**Tanur**
M.A. Math
Tanur, Malappuram-676302
Ph: 0494-2440866

**Vadakara**
M.A. Math
Chorodu, Vadakara-673106
Ph: 0496-2513230

# M.A.M. Branches - Outside Keralam

**Ahmedabad**
M. A. MATH, Jantanagar Rd., Ghatlodia,
Ahmedabad 380061, Gujarat
Ph: 079- 27 45 20 09

**Baroda**
M. A. MATH, B 24, Blue Diamond Bldg. Complex,
Fatehgang, Baroda 390 002 Ph: (0265) 313681

**Andaman & Nicobar Islands**
M.A.MATH, Shadipur, Port Blair,
Andaman & Nicobar Islands 744 101
Ph: +91 319 223 13 44

**Durgapur**
M. A. MATH, Rangamati Path, Bidhan Nagar,
Durgapur 713212, West Bengal
Ph:0343- 25 33 560, 64 51 106

**Davengere**
M.A. MATH, 1179/7, Nijalingappla Layout,
Davengere 577004 Ph: 08 192-22 6001

**Odisha**
M.A. MATH, Plot No. 508, Janla, Khudra -752054
Odisha Ph: 08763386370

**Uttarakashi**
M. A. MATH, Devidhar, Dunda, Uttara Kashi,
Uttaranchal



## Brahmasthanam Temples - Bharatam

**Ernakulam** - M.A. Math, Kunnumpuram, NH 17, Edapally North P.O., Ernakulam-682024 Ph: 0484-2800682, 2800677

**Kodungallur** - M.A. Math, Lokamalleswaram, Kodungallur, Thrissur- 680664 Ph: 0480-2804262

**Kozhikode** - M.A. Math, Amritamayi Nagar, Vellimadukunnu, Kozhikode-673012 Ph: 0495-2371682

**Kannur** - M.A. Math, Amritapuram, Panankavu, Pallikkunnu P.O., Kannur-670004 Ph: 0497-2747399

**Mananthavady** - M.A. Math, Amritagiri, Mananthavady, Wayanad - 670645 Ph: 04935-241550, 242499

**Palakkad** - M.A. Math, Amrita Nagar, Puthur, Palakkad-678001 Ph: 0491-2535011

**Thiruvananthapuram** - M.A. Math, Amrita Nagar, Kaimanam P.O., Thiruvananthapuram-695018 Ph: 0471-2490140, 3297567

**Thrissur** - M.A. Math, Amrita Nagar, Ayyanthole, Panachikkal, Thrissur-680003 Ph: 0487-2362700

**Thalassery** - M.A. Math, Chakiathmukku, Temple Gate P.O., Thalassery -670102 Ph: 0490-2343567

**Bangalore** - M.A. Math, 136, Mata Amritanandamayi Road, Jnanabharathi 2nd Stage, Behind Bangalore University, B.D.A. Layout, Bangalore-560056, Karnataka. Ph: 080-23240767, 23241439

**Chennai** - M. A. Math, 132, Arcot Road, Virugambakkam Nr. Avichi School, Chennai - 600092, Tamil Nadu. Ph:044-23764063, 23764867

**Coimbatore** - M.A. Math, Ramasamy Nagar, Nallampalayam Road, Ganapathy, Coimbatore - 641006, Tamil Nadu. Ph: 0422-2535258

**Hyderabad** - M.A. Math, 844/1 East Marredpally, Mahendra Hills, Secunderabad- 500026, Telangana.Ph:040-27732420, 27733174

**Kolkata** - M.A. Math, Budge Budge Road, Sarkar Pool, Kolkata - 700143, West Bengal. Ph: 033-24012777, 24014428

**Mumbai** - M.A. Math, Brahmagiri, Plot No. 5, Sector 20, Nerul West, Navi Mumbai - 400706, Maharashtra. Ph: 022-27722385

**Mysore** - M.A. Math, 114, 7th Cross, Bogadi II Stage, Mysore - 560006, Karnataka. Ph: 0821-2542682

**Madurai** - M.A.Math, Moolakarai, Tirupparankundaram Road, Pasumalai, Madurai - 625005, Tamil Nadu. Ph: 0452-2370800

**Mangalore** - M. A. Math, Amrita Vidyalayam Campus, Sultan Bathery Road, Boloor, Mangalore - 575003, Karnataka. Ph: 0824-2457056

**New delhi** - M.A. Math, Sector D-III, VasanthKunj, New Delhi - 110070, Ph: 011-26893622

**Pune** - M.A. Math, Plot No. 2, Sector 21, Yamuna Nagar, Pradhikaran, Nigdi, Pune - 411044, Maharashtra. Ph: 020-27662592, 27662647



"അമ്മയ്ക്കൊരാഗ്രഹമുണ്ട്, ലോകത്തിലെല്ലാവർക്കും ഒരു ദിവസമെങ്കിലും ഭയമില്ലാതെ ഉറങ്ങാൻ കഴിയണം. എല്ലാവർക്കും ഒരു ദിവസമെങ്കിലും വയറു നിറയെ ഭക്ഷണം ലഭിക്കണം. ആക്രമണമോ ഹിംസയോ കാരണം ആരും ആശുപത്രിയിൽ എത്താത്ത ഒരു ദിവസമെങ്കിലും ഉണ്ടാകണം. കൊച്ചുകുട്ടികൾ മുതൽ മുതിർന്നവർവരെ ഒരു ദിവസമെങ്കിലും നിസ്സ്വാർത്ഥസേവനം ചെയ്തു പാവങ്ങളെയും കഷ്ടപ്പെടുന്നവരെയും സഹായിക്കണം. ഈയൊരു സ്വപ്നം സത്യമാകണമെന്നാണ് അമ്മയുടെ പ്രാർത്ഥന."

- അമ്മ

Mata Amritanandamayi Math, Amritapuri P.O., Kollam, Kerala-690525 India Ph: 0476 2897578, 2896399, 2896278, 2896179 Fax: 0476- 2897678
E-mail:mam@amritapuri.org, www.embracingtheworld.org, www.amritapuri.org